**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :507 — 26.04.2017 ൽ മറുപടിക്ക്

## മെത്തപ്പായ നിർമ്മാണ സഹകരണ സംഘങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തഴവ, കുലശേഖര പുരം ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിച്ചിരുന്ന മെത്തപ്പായ നിർമ്മാണ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വളരെ അധികം പ്രതിസന്ധികൾ നേരിടുന്ന പ്രസ്തുത മേഖലയുടെ പുനരുജ്ജീവനത്തിന വേണ്ടി നടപടി സ്വീകരിക്കുമോ; | (എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തഴവ, കുലശേഖരപുരം ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നേരത്തെ നിരവധി സംഘങ്ങൾ പ്രവർത്തിച്ചിരുന്നുവെങ്കിലും നിലവിൽ കരുനാഗപ്പള്ളി മഹിള ഹാന്റി ക്രാഫ്റ്റ്സ് സ്ക്രൂപൈൻ സി.ഐ.എൻ.ഡി(ക്യൂ) 212 എന്ന സംഘം മാത്രമാണ് വ്യവസായ വകുപ്പിന്റെ കീഴിൽ കൊല്ലം ജില്ലയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നത്. വിദഗ്ധ തൊഴിലാളികളുടേയും അസംസ്കൃത വസ്തുക്കളുടേയും അഭാവം സംഘങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുള്ളതായി കാണുന്നു. ഇത്തരത്തിലുള്ള സംഘങ്ങൾ ഉൾപ്പെടെയുള്ളവയുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) തഴപ്പായ നെയ്ത്ത് വ്യവസായം നിലനിർത്തുന്നതിനും പ്രസ്തുത സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ലഭിക്കുന്നതിനുമായി അടിയന്തര നടപടി സ്വീകരിക്കാമോ; വിശദവിവരം വ്യക്തമാക്കാമോ? | (ബി) തഴപ്പായ, ബനാനഫൈബർ തുടങ്ങിയ പ്രകൃതിദത്ത നാരുകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള കരകൗശല മേഖലയുടെ വികസനത്തിന് ക്ലസ്റ്റർ അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിച്ച് വരുന്നു. വിപണനത്തിന് അപെക്സ് സഹകരണ സംഘമായ സുരഭി വഴിയും വകുപ്പ് നടത്തുന്ന വിപണനമേളകൾ വഴിയും അവസരങ്ങൾ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ